"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ ക്ലർക്ക് ആയ ശ്രീ. പി. ആർ.ഭാസ്കരന് മെഡിക്കൽ റീഇംബഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം.2075/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/09/2019

---

പരാമർശം:- 1. ശ്രീ. പി. ആർ. ഭാസ്കരൻ സമർപ്പിച്ച 25.06.2017 ലെ മെഡിക്കൽ റീഇംബഴ്സ്മെന്റ് അപേക്ഷ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 12.03.2019ലെ ഇ17-10567/2017/സി.ഇ/തസ്വഭവ നമ്പർ കത്ത്.

3. ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ 07.02.2019 ലെ ഡി4/6482/2018 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ആലത്തൂർ/കടയത്തൂർ ഗ്രാമ പഞ്ചായത്തിൽ ക്ലർക്ക് ആയ ശ്രീ. പി. ആർ. ഭാസ്കരന്, തന്റെ മാതാവിന് കോട്ടയം കാരിത്താസ് ആശുപത്രിയിലെ ചികിത്സയ്ക്കായി 08/05/2017 - 22/05/2017 കാലയളവിൽ ചെലവായ ₹ 68,203/- രൂപ(അറുപത്തി എണ്ണായിരത്തി ഇരുന്നൂറ്റി മൂന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2.ശ്രീ. പി. ആർ. ഭാസ്കരന്റെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക ₹ 49,087/- രൂപ(നാല്പത്തി ഒൻപതിനായിരത്തി എൺപത്തി ഏഴ് രൂപ മാത്രം) ആണെന്ന് ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഇടുക്കി ജില്ലയിലെ ആലത്തൂർ/കടയത്തൂർ ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് ആയ ശ്രീ. പി. ആർ. ഭാസ്കരന്റെ മാതാവിന് കോട്ടയം കാരിത്താസ് ആശുപത്രിയിലെ ചികിത്സയ്ക്കായി 08/05/2017 - 13/05/2017, 17/05/2017 - 22/05/2017 കാലയളവിൽ ചെലവായ തുകയിൽ ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80 % ആയ ₹39,270/ - രൂപ (മുപ്പത്തി ഒൻപതിനായിരത്തി ഇരുന്നൂറ്റി എഴുപത് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗോപകുമാർ യു**
**അണ്ടർ സെക്രട്ടറി**

1. ശ്രീ. പി. ആർ. ഭാസ്കരൻ, ക്ലർക്ക്(*തസ്ഥഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (04-09-2019ലെ 1263877/L3/448/2019-Fin നമ്പർ കുറിപ്പ് പ്രകാരം)
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ